**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** **16-03-2022 - ൽ മറുപടിയ്ക്ക്**

**ബ്ലാക്ക് ഫംഗസ് രോഗം - ചികിത്സയ്ക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് അനുബന്ധ രോഗമായ ബ്ലാക്ക് ഫംഗസ് ബാധയ്ക്കുള്ള ചികിത്സയ്ക്ക് വിലയേറിയ മരുന്നുകൾ വേണ്ടിവരുന്നത് നിർധന രോഗികളെ വലയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത രോഗികൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ബ്ലാക്ക് ഫംഗസ് ബാധിച്ച രോഗികൾക്ക് കേരളത്തിലെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നു. ഈ രോഗത്തിന്റെ ചികിത്സയ്ക്കായി പ്രധാനമായും ഉപയോഗിക്കുന്ന ആംഫോടെറിസിൻ (Amphotericin B) എന്ന മരുന്ന് കെ.എം.എസ്.സി.എൽ വഴിയും ആവശ്യമായ അവസരങ്ങളിൽ ആശുപത്രി വികസന സമിതി വഴിയും ശേഖരിച്ച് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന എല്ലാ രോഗികൾക്കും സൗജന്യമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ